**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **16-09-2025 - ൽ മറുപടിയ്ക്ക്**

**70 വയസ്സ് തികഞ്ഞ റേഷൻ കട ലൈസൻസികളുടെ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ 12/8/2025-ലെ 05/2025 നമ്പർ സർക്കുലർ പ്രകാരം 70 വയസ്സ് തികഞ്ഞ റേഷൻ കട ലൈസൻസികളുടെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ല എന്ന നിർദ്ദേശം ഈ രംഗത്ത് പ്രവർത്തിക്കുന്ന ലൈസൻസികളുടെ ജീവനോപാധിക്ക് പ്രതിലോമകരമായി മാറുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 (KTPDS Order 2021)-ലെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് 70 വയസ് പൂർത്തിയാക്കിയ ലൈസൻസികൾക്കു ലൈസൻസ് പുതുക്കി നൽകേണ്ടതില്ല എന്നും നിലവിൽ 70 വയസ് പൂർത്തീകരിച്ച ലൈസൻസികളുടെ സേവനം അവസാനിപ്പിക്കുന്നത് സംബന്ധിച്ചും സർക്കുലർ പുറപ്പെടുവിച്ചത്. 70 വയസ് പൂർത്തീകരിച്ചവർക്കു KTPDS കൺട്രോൾ ഓർഡർ പ്രകാരം തങ്ങളുടെ അനന്തരാവകാശികൾക്ക് ലൈസൻസ് കൈമാറുന്നതിന് സാവകാശം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ളവർക്ക് അവരുടെ സേവനകാലം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കുമോ; വിശദാംശം നൽകുമോ ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ